**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2506** **27-02-2023 - ൽ മറുപടിയ്ക്ക്**

**കളിമൺ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കളിമൺ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കളിമൺ ഉൽപ്പന്ന നിർമ്മാണത്തിനായി ഗുണനിലവാരമുള്ള കളിമണ്ണിന്റെ ലഭ്യത കുറവാണ് ഈ മേഖല നേരിടുന്ന ഒരു പ്രധാന പ്രതിസന്ധി. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ കളിമൺ മേഖലയിലെ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ഒരു സമഗ്ര സർവ്വേ നടത്തി വരുന്നു. സർവ്വെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ മേഖലയിലെ പ്രതിസന്ധികൾ മനസ്സിലാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ പലതും അടച്ചുപൂട്ടലിന്റെ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കളിമൺ ഉൽപ്പന്ന നിർമ്മാണത്തിനായി ഗുണനിലവാരമുള്ള കളിമണ്ണിന്റെ ലഭ്യതക്കുറവ് കാരണം പല സംരംഭങ്ങളും നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്നിവയുമായി സഹകരിച്ച് അസംസ്കൃത വസ്തു ലഭ്യമാക്കി പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി വരുന്നു. |
| (സി) | ഇത്തരം സ്ഥാപനങ്ങൾ നില നിർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (സി) | കളിമൺ ഉൽപ്പന്ന നിർമ്മാണത്തിനായി ഗുണനിലവാരമുള്ള കളിമണ്ണിന്റെ ലഭ്യതക്കുറവ് കാരണം പല സംരംഭങ്ങളും നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്നിവയുമായി സഹകരിച്ച് അസംസ്കൃത വസ്തു ലഭ്യമാക്കി പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി വരുന്നു. |
| (ഡി) | ഇത്തരത്തിൽ പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങളെ സമാനസ്വഭാവമുള്ള | (ഡി) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | വ്യവസായങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ;വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ